**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2746** **28-02-2023 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വായ്പകൾ ഒഴിവാക്കുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അനൂപ് ജേക്കബ്** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | ഭൂമിയുടെ ആധാരത്തിന്റെ അടിസ്ഥാനത്തിൽ സഹകരണ ബാങ്കുകളിൽ നിന്നും വായ്പയെടുത്ത് തിരിച്ചടയ്ക്കാൻ കഴിയാത്ത പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് പ്രസ്തുത വായ്പകൾ ഒഴിവാക്കുന്നതിനായി എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | പട്ടികജാതി വിഭാഗക്കാർ കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷനിൽ നിന്നും സഹകരണ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ളതും 31/03/2010 ന് തിരിച്ചടവ് കാലാവധി പൂർത്തിയായി കുടിശ്ശികയായതുമായ വായ്പകളിൽ മുതലും പലിശയും ഉൾപ്പെടെ 1 ലക്ഷം രൂപ വരെ എഴുതി തള്ളുന്നതിന് സ.ഉ.(പി) നമ്പർ 24/2015/പജപവവിവ തീയതി 30/03/2015 പ്രകാരം അനുമതി ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ അർഹരായ ഗുണഭോക്താക്കളുടെ വായ്പ കുടിശ്ശിക എഴുതി തള്ളിയിരുന്നു.<br><br>വിവിധ സർക്കാർ വകുപ്പുകൾ, സഹകരണ സ്ഥാപനങ്ങൾ, ദേശസാൽകൃത ബാങ്കുകൾ, പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ എന്നിവിടങ്ങളിൽ നിന്ന് പട്ടികവർഗ്ഗക്കാർ എടുത്തിട്ടുള്ളതും 01/04/2006 മുതൽ 31/03/2014 വരെ തിരിച്ചവടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ പലിശയും, പിഴപലിശയും ഉൾപ്പെടെയുള്ള ഒരു ലക്ഷം രൂപവരെയുള്ള വായ്പകൾ എഴുതിതള്ളുന്നതിന് സ.ഉ.(അ) നമ്പർ 71/2015/ പജപവവിവ തീയതി 01/10/2015 പ്രകാരം ഉത്തരവായിരുന്നു. അതിൻ പ്രകാരം 01/04/2006 മുതൽ 31/03/2014 വരെയുള്ള കാലയളവിൽ കടം എഴുതി തള്ളുന്ന പദ്ധതിയിൽ തെരഞ്ഞെടുത്തിരുന്ന 12949 ഗുണഭോക്താക്കളിൽ 29/03/2018 വരെ 3349 പേരുടെ വായ്പ എഴുതിതള്ളുകയുണ്ടായി. |
| (ബി) | മുൻ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ഇത്തരം പദ്ധതി നിലവിൽ ഉണ്ടായിരുന്നോ; എങ്കിൽ ആയത് നിർത്തലാക്കിയതിന്റെ കാരണങ്ങൾ വിശദമാക്കാമോ; | (ബി) | പട്ടികജാതി വിഭാഗക്കാർ കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷനിൽ നിന്നും സഹകരണ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ളതും |

| | | | |
|---|---|---|---|
| | | | 31/03/2010 ന് തിരിച്ചടവ് കാലാവധി പൂർത്തിയായി കുടിശ്ശികയായതുമായ വായ്പകളിൽ മുതലും പലിശയും ഉൾപ്പെടെ 1 ലക്ഷം രൂപ വരെ എഴുതി തള്ളുന്നതിന് സ.ഉ.(പി) നമ്പർ 24/2015/പജപവവിവ തീയതി 30/03/2015 പ്രകാരം അനുമതി ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ അർഹരായ ഗുണഭോക്താക്കളുടെ വായ്പ കുടിശ്ശിക എഴുതി തള്ളിയിരുന്നു.<br><br>വിവിധ സർക്കാർ വകുപ്പുകൾ, സഹകരണ സ്ഥാപനങ്ങൾ, ദേശസാൽകൃത ബാങ്കുകൾ, പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ എന്നിവിടങ്ങളിൽ നിന്ന് പട്ടികവർഗ്ഗക്കാർ എടുത്തിട്ടുള്ളതും 01/04/2006 മുതൽ 31/03/2014 വരെ തിരിച്ചവടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ പലിശയും, പിഴപലിശ്ശയും ഉൾപ്പെടെയുള്ള ഒരു ലക്ഷം രൂപവരെയുള്ള വായ്പകൾ എഴുതിതള്ളുന്നതിന് സ.ഉ.(അ) നമ്പർ 71/2015/ പജപവവിവ തീയതി 01/10/2015 പ്രകാരം ഉത്തരവായിരുന്നു. അതിൻ പ്രകാരം 01/04/2006 മുതൽ 31/03/2014 വരെയുള്ള കാലയളവിൽ കടം എഴുതി തള്ളുന്ന പദ്ധതിയിൽ തെരെഞ്ഞടുത്തിരുന്ന 12949 ഗുണഭോക്താക്കളിൽ 29/03/2018 വരെ 3349 പേരുടെ വായ്പ എഴുതിതള്ളുകയുണ്ടായി. |
| (സി) | ഇത്തരത്തിൽ ദുരിതമനുഭവിക്കുന്ന പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെട്ട വ്യക്തികളുടെ രണ്ട് ലക്ഷം രൂപ വരെ വരുന്ന വായ്പകൾ ഒഴിവാക്കുന്നതിന് പുതിയ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുമോ; വ്യക്തമാക്കുമോ? | (സി) | പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ